മെന്ന കാര്യം ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുവെന്ന മാത്രമേയുള്ളു.

HON'BLE MR. T. K. NARAYANA PILLAI : എന്തായാലും അതേപ്പറ്റി അന്വേഷിച്ചു പ്രതിബന്ധങ്ങളൊന്നുമില്ലെങ്കിൽ നിരോധനങ്ങൾ നീക്കുന്നതാണു്.

ആലപ്പുഴ പട്ടണത്തിലെ റോഡ്.

3. *MR. K. RAMAKRISHNA PILLAI: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ആലപ്പുഴ പട്ടണത്തിന്റെ അതിർത്തിക്കുള്ളിൽ എത്ര മൈൽ റോഡുണ്ടു് ?

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളായി അവയുടെ സംരക്ഷണത്തിനുവേണ്ടി എന്തു തുക ചെലവായി ?

(സി) പട്ടണത്തിലെ പ്രധാന റോഡുകൾ ടാർ ഇടുന്നതിനു ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ?

(ഡി) ഉണ്ടെങ്കിൽ പണി എന്നാരംഭിക്കും ?

HON'BLE MR. K. R. ELANKATH: (എ) ആലപ്പുഴ പട്ടണത്തിലുള്ള റോഡിന്റെ നീളം നൂറ് മൈൽ ഒ ഫർലാംഗ്, നൂറ് അടിയാണു്.

(ബി) ഉദ്ദേശച്ചെലവു ഫ ഫ ഠ ൦-ൽ ഫ ൪, ൫൩ ൦ രൂപയും ഫ ഫ ഠ ഫ-ൽ ഠ ൬, ഠ ഠ ൪ രൂപയും, ഫ ഫ ഠ ന-ൽ ന്യ ഫ, ഠ ൫൩ രൂപയുമാണു്.

(സി) ഉണ്ടു്.

(ഡി) മെറ്റലിംഗ് ജോലി തീർന്നാൽ ഉടനെ ടാർചെയ്യുന്ന കാര്യവും ആലോചിക്കുന്നതാണു്.

MR. K. RAMAKRISHNA PILLAI : ഫ ഫ ഠ ൦-ലെ തുക മുഴുവനും സംരക്ഷണച്ചെലവുകൾക്കായി ഉപയോഗിച്ചിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : ഉപയോഗിച്ചിട്ടുണ്ടെന്നാണു് അറിവു്.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*) : രണ്ടോ മൂന്നോ ഫർലാംഗ് ദൂരം മാത്രമേ ടാർചെയ്തിട്ടുള്ളു എന്നു് അറിയാമോ ?

HON'BLE MR. K. R. ELANKATH : അറിയാം. ആലപ്പുഴപട്ടണത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമായി ചില ഭാഗങ്ങൾമാത്രമേ ടാർചെയ്തിട്ടുള്ളൂ, മറ്റു ഭാഗങ്ങൾ മെറ്റൽചെയ്തിട്ടേ ടാർചെയ്യാൻ നിവൃത്തിയുള്ളൂ.

MR. P. S. MUHAMMED (*Muvattupuzha I—Muslim*) : ആലപ്പുഴ പട്ടണത്തിലെ റോഡുകൾ എല്ലാം വളരെ മോശമാണെന്നറിയാമോ ?

HON'BLE MR. K. R. ELANKATH : പൊതുവേ മോശമല്ലെങ്കിലും ചിലഭാഗങ്ങൾ മോശമാണെന്നറിയാം.

MR. EAPEN ARAKKAL : പൊടിയുടെ ശല്യം നീക്കുന്നതിന് റോഡുകൾ നനയ്ക്കാൻ ഉപയോഗിച്ചുകൊണ്ടിരുന്ന വണ്ടി പെട്രോൾ ഇല്ലാത്തതുനിമിത്തം ഓടിക്കുന്നില്ലെന്നറിയാമോ ?

HON'BLE MR. K. R. ELANKATH : അറിയാൻപാടില്ല.

MR. T. A. ABDULLA : ഇപ്പോൾ താർഇട്ടിരിക്കുന്ന ഭാഗം തന്നെയും പൊടിഞ്ഞു നാശമായിരിക്കുന്നു എന്നറിയാമോ ?

HON'BLE MR. K. R. ELANKATH : താർഇട്ട ഉടനെ മഴ ഉണ്ടായതു നിമിത്തം ചില ഭാഗങ്ങൾ നാശമായിപോയിട്ടുണ്ട്. മേലാൽ അങ്ങനെ വരാതെ ശ്രദ്ധിക്കുന്നതാണ്.

വൈക്കം അഞ്ചുമനപാലം.

4. MR. V. MADHAVAN (*Vaikom II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ബഹു മാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) വൈക്കംതാലൂക്കിൽ അഞ്ചുമനപാലത്തിനു കേടുപാട് ഇല്ലേ ?

(ബി) ആ പാലം പൊളിച്ചുപണിയുവാൻ ആലോചന ഇല്ലേ?

(സി) അതിനു അടങ്കൽ തയാറാക്കിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

MR. V. MADHAVAN : അടങ്കൽ തയാറാക്കിയിട്ടുള്ളതു ഗവർണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly